കേരള സർക്കാർ
ഗവ.മെഡിക്കൽ കോളേജ് കോട്ടയം
ഗാന്ധിനഗർ പി.ഒ കോട്ടയം.-08

ഇ-മെയിൽ medicalcollegekottayam@gmail.com | ഫോൺ നം. 0481-2597279
ഫാക്സ്: 0481-2597284 | 04812597284

നം. ജി.എം.സി കെ.റ്റി.എം/1825/2025-എ5 | തീയതി:25.08.2025

## ലേല പരസ്യം

കോട്ടയം മെഡിക്കൽ കോളേജിജ് ആശുപത്രി ABC ബ്ലോക്കിലെ വാർഡ് 2,6 & 9 നോട് ചേർന്ന ടോയിലറ്റ് ബ്ലോക്ക് പൊളിച്ച് വിൽക്കുന്നതിനായി 2025 സെപ്റ്റംബർ മാസം 3-ാം തീയതി രാവിലെ 11.30 മണിക്ക് പരസ്യമായ ലേലം നടത്തുന്നതാണ് പങ്കെടുക്കുവാൻ താൽപ്പര്യപ്പെടുന്നവർ അന്നേ ദിവസം 11 മണിക്ക് മുൻപായി 5,000/- (അയ്യായിരം രൂപ മാത്രം) നിരദ്രവ്യമായി നൽകി ടോക്കൺ എടുക്കേണ്ടതാണ്. ഇപ്രകാരം ടോക്കൺ എടുത്തവർക്ക് ക്വട്ടേഷനും സമർപ്പിക്കാവുന്നതാണ്.

ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്ന വ്യക്തി മുഴുവൻ തുകയും നിയമാനുസൃത നികുതികളും അന്നേ ദിവസം തന്നെ നൽകേണ്ടതുണ്ടതുമാണ്. ലേലം ഉറപ്പിച്ചു എന്ന് രേഖാമൂലം അറിയിപ്പ ലഭിച്ചതിനു ശേഷം കാരാറിലേർപ്പെട്ട് ലേല തുകയുടെ 10% സെക്യൂരിറ്റി ഡിപോസിറ്റ് ഈ കാര്യാലയത്തിൽ സമർപ്പിച്ച് 7 ദിവസത്തിനകം സമീപമുള്ള കെട്ടിടങ്ങൾക്കും, വൈദ്യുതി, ജലവിതരണം തുടങ്ങി മെഡിക്കൽ കോളേജിന്റെ സ്ഥാവരജംഗമ ജംഗമസ്വത്തുക്കൾക്കും മറ്റു സംവിധാനങ്ങൾക്കും കേടു പാടില്ലാതെ പ്രസ്തുത ടോയിലറ്റ് ബ്ലോക്ക് പൊളിച്ച് ആയതിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്ത് സ്ഥലം പുതിയ കെട്ടിടനിർമ്മാണത്തിന് ഉപയുക്തമായ വിധത്തിൽ വൃത്തിയാക്കി നിരപ്പാക്കി നൽകേണ്ടതാണ്. യാതൊരു കാരണവശാലും ടി പ്രവർത്തി മാറ്റുന്നതിനുള്ള സമയം നീട്ടി നൽകുന്നതല്ല. കെട്ടിടം പൊളിക്കുന്നതിന് സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇപ്രകാരം തൃപ്തികരമായി നീക്കം ചെയ്തതിനു ശേഷം മാത്രമേ ലേലം ഉറപ്പിച്ച് നൽകിയ വ്യക്തി സമർപ്പിച്ച നിരതദ്രവ്യവും സെക്യൂരിറ്റി ഡിപോസിറ്റും തിരികെ നൽകുകയുള്ളൂ. ലേല വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം പുന: ലേലം നടത്തുന്നതും നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും. ആയതിലേക്ക് യാതൊരുവിധ തടസവാദത്തിനും അവകാശമില്ലാത്തതും തന്മൂലം സർക്കാരിനുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതാണ്. പൊളിച്ച് നീക്കേണ്ട കെട്ടിടങ്ങൾ കാണുന്നതിന് പ്രവർത്തി ദിവസങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സർജന്റിന്റെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ പ്രിൻസിപ്പലിന് അധികാരം ഉണ്ടായിരിക്കും.

പ്രിൻസിപ്പൽ

പകർപ്പ്

1) സൂപ്രണ്ട്, ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി, കോട്ടയം.
2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഗവ. മെഡിക്കൽ കോളേജ്, കോട്ടയം
3) സർജന്റ്, ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി, കോട്ടയം/ഗവ. മെഡിക്കൽ കോളേജ്, കോട്ടയം.

നോട്ടീസ് ബോർഡുകൾ:-

1) പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്/ ഇലക്ട്രിക്കൽ സെക്ഷൻ, ഗാന്ധിനഗർ, കോട്ടയം
2) ഗവ.മെഡിക്കൽ കോളേജ് ഓഫീസ്, കോട്ടയം ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, ഗവ.ഡന്റൽ കോളേജ്, ഗവ.നഴ്സിംഗ് കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, ഏറ്റുമാനൂർ KMCHC,
3) ഗ്രാമപഞ്ചായത്, ആർപ്പൂക്കര, അതിരമ്പുഴ, അയ്മനം.
4) ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി.
5) വെബ് സൈറ്റ്.
6) ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.